മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട്

397 [743] ശ്രീ: രമേശ് ചെന്നിത്തല:

" കെ.കെ. രാമചന്ദ്രൻ മാസ്റ്റർ:

" രാഘവൻ പുഴക്കടവിൽ:

" തോപ്പിൽ രവി:

" പന്തളം സുധാകരൻ:

" ജി. കാർത്തികേയൻ:

" ബെന്നി ബഹനാൻ:

" കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

എൻസൈക്ലോപീഡിയാ ഡയറക്ടർക്കെതിരായി അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച മോഹൻ കുമാർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ കാര്യമായ തകരാറുകളും ഒന്നുമില്ലാതിരിക്കെ ഡയറക്ടറും മറ്റംഗങ്ങളും പരസ്പര ധാരണയോടുകൂടി തങ്ങളിൽ അർപ്പിതമായ മഹത്തായ സംരംഭത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ മുൻനിർത്തി പ്രവർത്തിക്കാനുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ടിലുള്ളത്. പക്ഷെ പരസ്പര ധാരണ ഇനിയും പൂർണ്ണമായി കൈവന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

ലക്ചറർമാരുടെ നിയമനം

398 [744] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിൽ ഒഴിവുള്ള മലയാളം ലക്ചറർമാരുടെ തസ്തികകളിലേക്ക് നിയമനം നടത്തുവാൻ യോഗ്യതയുള്ള ഹൈസ്കൂൾ അദ്ധ്യാപകരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) ഈ തസ്തികകളിലേക്കുള്ള നിയമനം എന്നത്തേയ്ക്ക് നടത്തുവാൻ കഴിയും?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 96.

(സി) അധികം താമസിയാതെ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly